## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4713 — 28.6.2013-ൽ മറുപടിക്ക്

**മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നവർക്കെതിരെ നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഇ.കെ.വിജയൻ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) ഗ്രാമപഞ്ചായത്തുകൾ മാലിന്യ നിർമ്മാർജ്ജനത്തിന് ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ; | എ) ഗ്രാമ പഞ്ചായത്തുകളിൽ നിലവിലുള്ള മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ ആധുനികവൽക്കരിക്കുന്നതിനും, പുതിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും ഉറവിട മാലിന്യ സംസ്ക്കരണ സംവിധാനം സ്ഥാപിക്കുന്നതിനും വേണ്ടി 2011-12, 2012-13 സാമ്പത്തിക വർഷത്തിൽ 661 ഗ്രാമ പഞ്ചായത്തുകളുടെ പ്രോജക്ടുകൾക്ക് സാങ്കേതികാനുമതിയും അവയുടെ നിർവ്വഹണത്തിലേയ്ക്കായി 2296 ലക്ഷം രൂപ സാമ്പത്തിക സഹായമായും വിതരണം നൽകിയിട്ടുണ്ട്. |
| ബി) മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നവർക്കെതിരെ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഇതുവരെയായി എത്ര കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട് ; | ബി) വിവരം ശേഖരിച്ചു വരുന്നു. |
| സി) പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് മാലിന്യനിക്ഷേപം നടത്തുന്നവർക്കെതിരെ ഓരോ ജില്ലയിലും ഈ സർക്കാരധികാരമേറ്റ ശേഷം എത്ര രൂപ പിഴ ഈടാക്കിയിട്ടുണ്ട് ; വിശദമാക്കാമോ ? | സി) വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ